മാതൃഭൂമി

13 April 2018

# മാലിന്യ സംസ്കരണത്തിന്റെ 52 മാതൃകകളുമായി സി.എം.എഫ്.ആർ.ഐ സമ്മേളനം

**കൊച്ചി** ▸ ശാസ്ത്രീയമായ സംസ്കരണ പ്രവർത്തനങ്ങളിലൂടെ മാലിന്യ നിർമാർജനത്തിന്റെ വേറിട്ട പ്രവർത്തന മാതൃകകൾ പങ്കുവെച്ച് ദേശീയ സമ്മേളനം. കടലിലെ മാലിന്യ ഭീഷണിക്ക് പരിഹാരം കാണുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) നടന്ന ദേശീയ സമ്മേളനത്തിന്റെ രണ്ടാം ദിവസം പരിസ്ഥിതി പ്രവർത്തകരും തദ്ദേശ സ്ഥാപനങ്ങളും അവതരിപ്പിച്ച മാലിന്യമുക്ത പ്രവർത്തന മാതൃകകൾ ശ്രദ്ധേയമായി.

കരയിലെയും കടലിലെയും മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുക, പ്ലാസ്റ്റിക് സംസ്കരിച്ച് മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുക തുടങ്ങിയവയുമായി ബന്ധപ്പെട്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 52 പ്രവർത്തന മാതൃകകളാണ് സമ്മേളനത്തിൽ വ്യാഴാഴ്ച അവതരിപ്പിച്ചത്.

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപ്പഞ്ചായത്ത് നടപ്പിലാക്കിവരുന്ന 'മാലിന്യമില്ലാത്ത മാംഗല്യം' പദ്ധതി സമ്മേളനത്തിൽ പ്രതിനിധികളുടെ ശ്രദ്ധ പിടിച്ചുപറ്റി. ഡിസ്പോസിബിൾ ഗ്ലാസ്, പേപ്പർ ഇല, മിഠായി, ഐസ്ക്രീം കപ്പ് തുടങ്ങിയ പുനരുപയോഗമില്ലാത്ത സാധനങ്ങൾ ഉപയോഗിക്കാതെയുള്ള വിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്ന 'തെളിമ' പദ്ധതി. ശാസ്ത്രീയമായ മാലിന്യ നിർമാർജന പ്രവർത്തനങ്ങളിലൂടെയും മാലിന്യങ്ങൾ സംസ്കരിച്ച് വിവിധ ഉത്പന്നങ്ങൾ നിർമിക്കുന്നതിലൂടെയും രാജ്യത്തെ ആദ്യത്തെ പ്രകൃതിസൗഹൃ നഗരസഭ എന്ന പദവി സ്വന്തമാക്കിയ തമിഴ്നാട്ടിലെ നാമക്കൽ നഗരസഭയുടെ പ്രവർത്തന മാതൃകയ്ക്ക് സമ്മേളനത്തിൽ മികച്ച സ്വീകാര്യത ലഭിച്ചു.

മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കൂട്ടായ്മകൾ രൂപവത്കരിച്ച് 'മാലിന്യ നിർമാർജന ഹാക്കത്തോണുകൾ' സംഘടിപ്പിക്കുന്നത് നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിൽ വലിയ പങ്കുവഹിക്കുമെന്ന് സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നിർവഹിച്ച് പ്രശസ്ത പരിസ്ഥിതി പ്രവർത്തകയും കർണാടകയിലെ വേസ്റ്റ് ഇംപാക്ട് ട്രസ്റ്റ് സ്ഥാപകയുമായ ഗായത്രി ഹാന്ദനഹാൽ പറഞ്ഞു.

ഹാക്കത്തോണുകൾ സംഘടിപ്പിച്ച് ബെംഗളൂരു നഗരത്തിൽ അവർ നടപ്പിലാക്കിയ മാലിന്യനിർമാർജന പ്രവർത്തനങ്ങൾ സമ്മേളനത്തിൽ വിശദീകരിച്ചു. മത്സ്യബന്ധനത്തിനിടയിൽ ഉപേക്ഷിക്കപ്പെടുന്ന വലകൾ കടലിന്റെ ആവാസവ്യവസ്ഥയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിഞ്ഞ് ഇവ നിർമാർജനം ചെയ്യുന്ന പദ്ധതികളാണ് മഹാരാഷ്ട്രയിലെ ഡോ സാരംഗ് കുൽക്കർണി അവതരിപ്പിച്ചത്.

പ്രകൃതിസൗഹൃദ ഗ്രാമസഭകളിലൂടെ മാലിന്യ നിർമാർജന സംരംഭങ്ങളുടെ പ്രവർത്തന മാതൃക ഇരവിപേരൂർ ഗ്രാമപ്പഞ്ചായത്ത് സമ്മേളനത്തിൽ അവതരിപ്പിച്ചു.

മികച്ച 10 പ്രവർത്തന മാതൃകകൾക്ക് സമ്മേളനത്തിൽ പുരസ്കാരങ്ങൾ നൽകി.




▶ സി.എം.എഫ്.ആർ.ഐയിൽ നടന്ന ദ്വിദിന ദേശീയ സമ്മേളനത്തിന്റെ സമാപനത്തോടനുബന്ധിച്ച് നടന്ന പ്ലീനറി ചർച്ചയിൽ ഡോ. കെ. സുനിൽ മുഹമ്മദ് സംസാരിക്കുന്നു